പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 245 — 10/03/2017 -ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങളിലെ ലഹരി ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>,, ഷാഫി പറമ്പിൽ<br>,, വി.പി.സജീന്ദ്രൻ<br>,, എൽദോസ് കുന്നപ്പിള്ളി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) വിദ്യാർത്ഥികളിൽ ഒരു വിഭാഗം ലഹരി വസ്തുക്കളുടെ സ്ഥിരം ഉപയോക്താക്കളാണെന്നും അതിൽ തന്നെ നല്ലൊരു ശതമാനം ലഹരിക്ക് അടിമകളാണെന്നും ഉള്ള വസ്തുത പരിഗണിച്ച് ഈ പ്രശ്നത്തിൽ എന്ത് നടപടിയാണ് വിദ്യാഭ്യാസ വകുപ്പ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്;

(എ) സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, ജാഗ്രതാ സമിതികൾ തുടങ്ങിയവ രൂപീകരിക്കുകയും എക്സൈസ്, പോലീസ് വകുപ്പുകളുമായി സഹകരിച്ചു കൊണ്ട് ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' പദ്ധതിയുടെ നടത്തി പ്പിന്റെ ഭാഗമായി ഈ ജാഗ്രതാ സമതികൾ പുനസംഘടി പ്പിക്കപ്പെട്ടിട്ടുള്ളതുമാണ്. 'സ്ഥാപനത്തിന്റെ 100 വാര ചുറ്റളവിൽ പുകയില വിൽക്കാൻ പാടില്ല' എന്ന ബോർഡ് സ്കൂളുകൾക്ക് സമീപം സ്ഥാപിച്ചിട്ടുണ്ട്. സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രവർത്തിച്ചു വരുന്ന "സൗഹൃദ ക്ലബ്ബുകൾ" ലഹരി പദാർത്ഥ ങ്ങളുടെ ഉപയോഗം തടയുന്ന പ്രവർത്തന ങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. സംസ്ഥാനത്തെ ഒരോ സ്കൂളിലേയും രണ്ട് വിദ്യാർത്ഥികളെ വീതം പങ്കെടുപ്പിച്ചു കൊണ്ടുള്ള മൂന്ന് ദിവസത്തെ റെസിഡൻഷ്യൽ ട്രെയിനിംഗ് പ്രോഗ്രാമിൽ ലഹരി വസ്തുക്കളുടെ അപകടങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തിയിരുന്നു. ഓരോ സ്കൂളിലേയും സൗഹൃദ കോർഡിനേറ്റർമാരെ (അദ്ധ്യാപകർ) പങ്കെടുപ്പിച്ചു കൊണ്ട് ഓരോ വിദ്യാഭ്യാസ ജില്ലയിലും നടത്തിയ Refresher Training Programme-ലെ മുഖ്യ ഇനം ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും വിദ്യാർത്ഥികളെ എങ്ങനെ പിന്തിരിപ്പിക്കാം എന്നതായിരുന്നു. ഈ വിഷയത്തിൽ NIMHANS-ൽ നിന്നും ട്രെയിനിംഗ് ലഭിച്ച ഇന്ത്യൻ ഡെന്റൽ അസോസിയേഷനിലെ ഡോക്ടർമാരും എക്സൈസ് വകുപ്പിൽ നിന്നുള്ള അസിസ്റ്റന്റ് കമ്മീഷണർമാർ ഉൾപ്പെടെ യുള്ളവരും ക്ലാസ്സെടുത്തിരുന്നു. വരുന്ന വർഷങ്ങളിൽ ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധയൂന്നേണ്ടതുണ്ട്. സംസ്ഥാനത്തെ എല്ലാ

ഹയർ സെക്കന്ററി സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കാൻ എല്ലാ പ്രിൻസിപ്പൽമാർക്കും നിർദ്ദേശം നൽകി യിട്ടുണ്ട്. കൂടാതെ ഈ വർഷം ജനുവരിയിൽ എല്ലാ ഹയർസെക്കന്ററി സ്കൂളിലും വിദ്യാർത്ഥി കളേയും അദ്ധ്യാപകരേയും ഉൾപ്പെടുത്തി ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിയിരുന്നു.

ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ കെയർ&ഷെയർ ഫൗണ്ടേഷൻ തയ്യാറാക്കിയ 'വഴികാട്ടി' എന്ന ഹ്രസ്വ ചിത്രം 03/02/2017 ഉച്ച കഴിഞ്ഞ് 2.30 മുതൽ 3 മണിവരെ വിക്ടേഴ്സ് ചാനൽ, തിരുവനന്തപുരം ദൂരദർശൻ എന്നിവ സംപ്രേക്ഷണം ചെയ്തിരുന്നു. ഇത് തത്സമയം കാണുവാൻ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും. അവസര മൊരുക്കിയിരുന്നു. ടി വിഷയം സംബന്ധിച്ച ജാഗ്രതാ നിർദ്ദേശം എല്ലാ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾക്കും നൽകി യിട്ടുണ്ട്. NSS സെല്ലിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടത്തുന്നുണ്ട്. സംസ്ഥാന പോലീസ് വകുപ്പിന്റെ സർക്കുലർ നം. 16/2011 തീയതി 08/06/2011 പ്രകാരം സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ രൂപീകരണത്തിനും തുടർ പ്രവർത്തനങ്ങൾക്കും വകുപ്പ് പ്രോത്സാഹനം നൽകുന്നുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 06/06/2011 ലെ ഉത്തരവ് ജി.ഒ(എം.എസ്) നം. 136/2011 പ്രകാരം ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം മൂല മുണ്ടാകുന്ന ദൂഷ്യഫലങ്ങളെ കുറിച്ച് വിദ്യാർ ത്ഥികളെ ബോധവൽക്കരിക്കുന്നതിനും ഇവ യുടെ നിരോധനം വിദ്യാഭ്യാസസ്ഥാപന ങ്ങളുടെ പരിസര പ്രദേശങ്ങളിലും ശരിയായ രീതിയിൽ നടക്കുന്നുണ്ടോ എന്ന് നിരീക്ഷി ക്കുന്നതിനും വകുപ്പിന് കീഴിലുള്ള വൊക്കേ ഷണൽ ഹയർസെക്കന്ററി സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ ലഹരിക്കെതിരെ ബോധ വൽക്കരണ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ 'വിമുക്തി' എന്ന പദ്ധതി ആരംഭിച്ച് നടപ്പിലാക്കി വരുന്നു. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വൈവിധ്യമാർന്ന ബോധവൽക്കരണ പരിപാടികളും നടപ്പി ലാക്കി വരുന്നു. സ്കൂൾ/കോളേജുകളിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിനു വേണ്ടി 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ ലഹരി വസ്തുക്കൾ

| | |
|---|---|
| | വില്പന/ഉപയോഗത്തിനെതിരെയുള്ള പരാതിയും വിവരങ്ങളും അധികൃതരെ അറിയിക്കുന്നതിന് 1400-ഓളം സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. 2014-2015, 2015-2016, 2016-2017 എന്നീ അധ്യയന വർഷങ്ങളിൽ സ്കൂൾ പാഠ്യ പദ്ധതിയിലെ വിവിധ ക്ലാസ്സുകളിലെ പാഠ പുസ്തകങ്ങളിൽ ലഹരി വിരുദ്ധ ആശയമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പരിഹാരമാർഗ്ഗങ്ങൾ ശാസ്ത്രീയമായി ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കുവാനുള്ള നടപടി കൈക്കൊള്ളുമോ? | (ബി) പരിഹാരമാർഗ്ഗങ്ങൾ ശാസ്ത്രീയമായി ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ